## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 694.** **28.09.2016 ന് മറുപടിയ്ക്ക്**

## വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ് :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനധികൃത മദ്യോത്പാദനവും വിതരണവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും എത്ര പേർക്കെതിരെ കേസുകളെടുത്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ അനധികൃത മദ്യോത്പാദനവും വിതരണവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിൽ 1066 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസുകളിലായി 832 പേരെ പ്രതി ചേർത്തിട്ടുള്ളതുമാണ്. |
| (ബി) | വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ കർശന നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ; | (ബി) | വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ എക്സൈസ് വകുപ്പ് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |
| (സി) | വ്യാജ മദ്യ റെയ്ഡുകൾക്കായി കൂടുതൽ മെച്ചപ്പെട്ട സ്ക്വാഡുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ കർശനമായ പരിശോധനകളും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഓരോ എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും, രണ്ട് |

| | | | |
|---|---|---|---|
| | | | ജനമൈത്രി എക്സൈസ് സ്ക്വാഡുകളും, എക്സൈസ് കമ്മീഷണറുടെ സ്ക്വാഡും വ്യാജമദ്യ നിർമ്മാണത്തിനും വിതരണത്തിനുമെതിരെ വിവരങ്ങൾ ശേഖരിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. ഇതു കൂടാതെ സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ പോലീസ്, റവന്യൂ ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് ജോയിന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള മദ്യകടത്ത് തടയുന്നതിന് റെയിൽവെ പോലീസ്, ആർ.പി.എഫ്, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകൾ ചേർന്നുള്ള സ്ക്വാഡുകളും രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ